**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2794** | **25-06-2024 - ൽ മറുപടിയ്ക്ക്**

**ഉന്നതി സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന ഉന്നതി സ്കോളർഷിപ്പ് മുഖേന നാളിതുവരെ എത്ര വിദ്യാർത്ഥികൾ വിദേശ പഠനത്തിന് പോയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ഉന്നതി സ്കോളർഷിപ്പ് മുഖേന നാളിതുവരെ 619 പട്ടികജാതി വിദ്യാർത്ഥികളും 41 പട്ടികവർഗ്ഗ വിദ്യാർത്ഥികളും 57 പിന്നാക്ക വിഭാഗ വിദ്യാർത്ഥികളും ഉൾപ്പെടെ 717 വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കാൻ അവസരം ലഭ്യമാക്കി. |
| (ബി) | ഉന്നതി സ്കോളർഷിപ്പിന് അർഹത നേടാനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ? | (ബി) | വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ്/എംഫിൽ/ പി.എച്ച്.ഡി കോഴ്സുകൾക്ക് ഉന്നത പഠനം നടത്തുന്നതിന് പട്ടികജാതി/ പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് നൽകുന്നുണ്ട്. ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിമാനയാത്രാ ചാർജ്ജ്, വിസ ചാർജ്ജ്, ഇൻഷൂറൻസ് എന്നിവയാണ് നൽകുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധി ബാധകമല്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരമാവധി 25,00,000/- രൂപ വീതമാണ് അനുവദിക്കുന്നത്<br><br>12,00,000/-രൂപ (പന്ത്രണ്ട് ലക്ഷം രൂപ വരെ) വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് പരമാവധി 25,00,000/- രൂപയും 12,00,001-20,00,000 രൂപ വരെ വരുമാനമുള്ളവർക്ക് പരമാവധി 20,00,000/- രൂപയും 20,00,000/- രൂപക്ക് മുകളിൽ വരുമാനമുള്ളവർക്ക് പരമാവധി 15,00,000/- രൂപയുമാണ് അനുവദിക്കുന്നത്. വിദ്യാർത്ഥികൾക്കും, രക്ഷാകർത്താക്കൾക്കും വേണ്ട കൗൺസിലിംഗ് നടത്തി അർഹരായ വിദ്യാർത്ഥികളുടെ കരട് ലിസ്റ്റ് തയ്യാറാക്കി വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച് , ആയതിൻ മേലുള്ള അപ്പീലും, കരട് ലിസ്റ്റും വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള സെലക്ഷൻ/അപ്പീൽ കമ്മിറ്റിക്ക് സമർപ്പിക്കുകയും , ഈ കമ്മിറ്റി പരിശോധിച്ചാണ് അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ